# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3358

23/06/2014ൽ മറുപടി
നൽകേണ്ടിയിരുന്നത്
അന്തിമ മറുപടി

### കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.സി.നിയമനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (എ) 5 പ്രതീക്ഷിത ഒഴിവുകൾ നിയമന ശിപാർശയ്ക്കായി അവശേഷിക്കുന്നുണ്ട്. |
| (ബി) വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) കോളേജിയറ്റ് എഡ്യൂക്കേഷൻ - 2<br>സിവിൽ സപ്ലൈസ് - 2<br>മുനിസിപ്പൽ കോമൺ സർവ്വീസ് - 1 |
| (സി) പ്രസ്തുത ജില്ലയിലെ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി; | (സി) 16.6.2014 വരെ 497 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ഡി) ഒഴിവുകൾ നിലവിലുണ്ടായിട്ടും പല വകുപ്പു മേധാവികളും യഥാസമയം റിപ്പോർട്ട് ചെയ്യാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി)യും (ഇ)യും<br>ഇല്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ സർക്കാർ 05.06.2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/ 14/ഉഭപവ പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| (ഇ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ